## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** | **11-10-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ കുടുംബത്തിന് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയ ശേഷം കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസികളുടെ കുടുംബത്തെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയ ശേഷം കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമാണെങ്കിൽ പരമാവധി അൻപതി നായിരം രൂപയും ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, ‘സാന്ത്വന പദ്ധതി’യുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 30 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിവർക്ക് വിദേശ ത്തെ തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട അർഹമായ ആനുകൂല്യം/ധന സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയ ശേഷം കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമാണെങ്കിൽ പരമാവധി അൻപതിനായിരം രൂപയും ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, ‘സാന്ത്വന പദ്ധതി’യുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 30 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിവർക്ക് വിദേശത്തെ തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട അർഹമായ ആനുകൂല്യം/ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിദേശ രാജ്യങ്ങളിൽ വച്ച് കോവിഡ് ബാധിച്ച് മരണപ്പെടുകയും ബന്ധുക്കൾക്ക് മൃതദേഹം കാണാൻ അവസരം ഇല്ലാതാവുകയും ചെയ്ത പ്രവാസികളുടെ കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിദേശത്തുവെച്ചോ നാട്ടിൽ വന്നതിന് ശേഷമോ കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായവും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നുള്ള ധനസഹായവും നിബന്ധനകൾക്ക് വിധേയമായി ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ